## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1705 | 16.03.2015 ൽ മറുപടിയ്ക്ക് |
|---|---|
| സാമൂഹ്യ നീതി വകുപ്പ് പദ്ധതികൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ.ബി.സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു<br>1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ.<br>2. മാനസിക വെല്ലുവിളി നേരിടുന്ന വനിതകൾക്കായുള്ള പാർപ്പിടം<br>3. എന്റെ കൂട് പദ്ധതി<br>4. വയനാട്ടിലെ വിവിധ കഴിവുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ സ്ഥാപനം<br>5. സംയോജിത ശിശു വികസന സേവന പദ്ധതി<br>6. കിശോരിശക്തിയോജന<br>7. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി<br>8. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് സാമൂഹ്യ മനശാസ്ത്ര സേവനം<br>9. സമഗ്ര ശിശു സംരക്ഷണ പദ്ധതി<br>10. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി<br>11. അങ്കണവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യവിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ - ഒരു ജീവിത ചക്രസമീപനം<br>12. വനിതാ വികസന പദ്ധതി<br>13. സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി<br>14. ജെൻഡർ പാർക്ക്<br>15, ജെൻഡർ അഡ്വൈസറി ബോർഡ്<br>16. ഇന്ദിരാഗാന്ധി മാതൃത്വസഹയോഗ് യോജന<br>17. വനിതകൾക്കുവേണ്ടിയുള്ള അഭയകേന്ദ്രങ്ങൾ<br>18. നിർഭയ പദ്ധതി<br>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പാ സൗകര്യം.<br>2. അഭ്യസ്തവിദ്യരായ വനിതകളെ ജോലി നേടുവാൻ പ്രാപ്തരാക്കുന്ന റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാദമി ഫോർ കരിയർ ഹൈറ്റ്സ്.(REACH)<br>3. സർക്കാർ, അർദ്ധസർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതകൾക്കായി നടത്തി വരുന്ന വനിതാ ഹോസ്റ്റലുകൾ.<br>4. കേരളത്തിലെ 40 പ്രമുഖ കോളേജുകളിൽ വിമൻ സെല്ലുകൾ.<br>5. വനിതാ സൗഹൃദ ഷീ-ടോയ്‌ലറ്റുകൾ.<br>6. വിവിധ ജെന്റർ അവയർനെസ്സ് പരിപാടികൾ സ്ത്രീകൾക്കും കുട്ടികൾക്കുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തി വരുന്നു. ഇതിൽ ആയോധന കലയിൽ പരിശീലനവും വയോജന പരിപാലന പരിശീലനവും ഉൾപ്പെടുന്നു.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.<br>1. ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവരെ പുനരധി |

| | |
|---|---|
| | വസിപ്പിക്കുന്ന സ്നേഹസ്പർശം പദ്ധതി.<br>2. 18 വയസ്സുവരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിൽസ നൽകുന്ന ക്യാൻസർ സുരക്ഷാ പദ്ധതി.<br>3. ജനിതക രോഗങ്ങളും മറ്റു ഗുരുതര രോഗങ്ങളും ബാധിച്ച 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കായുള്ള താലോലം പദ്ധതി.<br>4. അനാഥരായ കുട്ടികൾക്ക് അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുന്നതിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി.<br>5. അഞ്ച് വയസിന് താഴെയുള്ള ബധിരരായ കുട്ടകൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിനുള്ള ശ്രുതി തരംഗം പദ്ധതി.<br>6. ഒരു മുഴുവൻ പരിചാരകന്റെ ആവശ്യമുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസ കിരണം പദ്ധതി.<br>7. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന സ്നേഹ സാന്ത്വനം പദ്ധതി.<br>8. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.<br>9. വൃക്ക/കരൾ/ഹീമോഫീലിയ രോഗികൾക്ക് ധനസഹായം നൽകുന്ന സമാശ്വാസം പദ്ധതി.<br>10. വയോജനങ്ങളുടെ ക്ഷേമത്തിനായുള്ള വയോമിത്രം പദ്ധതി. |
| (ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളുണ്ടെന്നും ഏതെല്ലാം തരത്തിലുള്ള ധനസഹായമാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ ? | (ബി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്ക് വേണ്ടിയുള്ള പദ്ധതികൾ താഴെപ്പറയുന്നു.<br>1. വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി.<br>2. വൈകല്യം മുൻകൂർ കണ്ടെത്തുന്നതിനും, തടയുന്നതിനും, വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും, തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം.<br>3. വയനാട്ടിലെ വിവിധ കഴിവുള്ളവർക്കായുള്ള തൊഴിലധിഷ്ഠിത പുനരധിവാസ സ്ഥാപനം.<br>4. മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും, പുനരധിവാസത്തിനുമുള്ള മാതൃകാ പരിപാടി.<br>5. സംസ്ഥാന വൈകല്യ സർവ്വേ.<br>6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ. ടി സ്ഥാപനത്തിലെ പഠിതാക്കൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് നൽകി വരുന്നു.<br>7. ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിയ്ക്ക് 1 വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ച് നൽകുകയും ടി തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് നൽകുന്ന പദ്ധതിയായ കാരുണ്യ ഡെപ്പോസിറ്റ് സ്കീം.<br>8. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് പദ്ധതി പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ ഉൾപ്പെടെ എല്ലാ വൈകല്യങ്ങളും തടയുന്നതിനായി കുഞ്ഞുങ്ങൾക്ക് എം.എം.ആർ-ഉം കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ല വാക്സിനേഷനും വിദ്യാഭ്യാസ ആരോഗ്യ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ